ക്രമനമ്പർ	പദ്ധതി	ഭൗതികനേട്ടം	ചെലവായ തുക
1	എന്റെ മരം പദ്ധതി	83428 തൈകൾ	500564
2	നമ്മുടെ മരം പദ്ധതി	2180 തൈകൾ	13081
3	ഹരിതകേരളം പദ്ധതി	2100 തൈകൾ	126000

ഇതിൽ എന്റെ മരം പദ്ധതി പ്രകാരം നട്ട തൈകളിൽ 68 ശതമാനവും നമ്മുടെ മരം പദ്ധതിപ്രകാരം നട്ട തൈകളിൽ 62 ശതമാനവും അതിജീവിക്കുന്നുണ്ട്. ഹരിതകേരളം പദ്ധതി, തൊഴിലുറപ്പു പദ്ധതിക്കായി പഞ്ചായത്തുകൾക്കാണ് തൈകൾ വിതരണം നടത്തിയിട്ടുള്ളത്. കാവുകൾക്കുള്ള ധനസഹായത്തിന്റെ ഭാഗമായി പേരാമ്പ്ര തച്ചറത്തുകണ്ടി ശ്രീ. നാഗകാളിയമ്മ ക്ഷേത്രത്തിന് ധനസഹായം നൽകിയിട്ടുണ്ട്.

റവന്യൂ റിക്കവറി നടപടികൾ

203 (2235) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തേക്കുകഴകൾ ലേലം ചെയ്യുന്ന വകയിലോ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്ത ഇനത്തിലോ മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ റവന്യൂ റിക്കവറി നടപടികൾ നിലവിലുള്ളത് ആരുടെയെല്ലാം പേരിലെന്നും ഓരോരുത്തരിൽ നിന്നും ഈടാക്കേണ്ട തുക എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഇത് സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഫോറസ്റ്റ് സ്റ്റേഷനുകൾ

204 (2236) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചു ;

(ബി) എന്നുമുതൽ ഈ സ്റ്റേഷനുകൾ പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 12 ഫോറസ്റ്റ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly